(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-12/860/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ-685584
ഫോൺ-04862-227332
ഇ-മെയിൽ-doidk.ksad@kerala.gov.in
തീയതി:16.11.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കരുണാപുരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി,തൊടുപുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ-12/860/2020 തീയതി:16.11.2020

# ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.9.2018 മുതൽ 11.10.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട | ശ്രീമതി. ബേബി സന്ധ്യ, |

| | | |
|---|---|---|
| ഉദ്യോഗസ്ഥ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 21.10.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. എം. കെ അഭിലാഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ ജോർജ്ജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ശിവപ്രസാദ് തണ്ണിപ്പാറ | 01.4.2018.മുതൽ31.03.2019. വരെ |
| സെക്രട്ടറി | ശ്രീ. ആർ വെള്ളയ്യൻ | 01.4.2018.മുതൽ 20.6.2018വരെ |
| | ശ്രീ. വർക്കി ജോസഫ് | 21.6.2018 മുതൽ 28.02 .2019വരെ |
| | ശ്രീ. പി. ബ്രൈറ്റ്മോൻ (അസി.സെക്രട്ടറി,അധിക ചുമതല) | 01.3.2019 മുതൽ 31.3.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. സുരേഷ് കുമാർ പി എസ് | 01.04.2018മുതൽ07.03.2019 വരെ |
| | ശ്രീമതി. അജിത പി കുമാരൻ | 08.03.2019മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അശ്വതി ടി വാസു | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. നിജിൻ ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.വിനീത പി സൈമൺ | 01.04.2018മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീ.എ സി മനോജ് | 01.04.2018 മുതൽ 29.01.2019 വരെ |
| | ശ്രീമതി. പി പി രേണുക | 30.01.2019മുതൽ 31.03.2019വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.പ്രഭ ജെ | 01.04.2018മുതൽ 04.07.2018 വരെ |
| | ശ്രീമതി. ആർ ലേഖ | 05.07.2018 മുതൽ 08.07.2018 വരെ |
| | ശ്രീമതി. കെ സി അന്നമ്മ | 09.07.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിനേഷ് തോമസ് | 01.04.2018മുതൽ 07.07.2018 വരെ |
| | ശ്രീമതി. അനീഷ എ | 08.07.2018മുതൽ 30.11.2018 വരെ |
| | ശ്രീ. എ സി റെജികുമാർ | 01.12.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബെന്നി മൈക്കിൾ | 01.04.2018മുതൽ 22.06.2018വരെ |
| | ശ്രീ. ബ്രൈറ്റ്മോൻ പി | 23.06.2018 മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടക-ലേലം -തുകകൾ പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-12 |
| 13 | പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയില്ല | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | എയ്ഡഡ് സ്കൂളുകളിൽ അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പാക്കി | 1-15 |
| 16 | കുട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ നിർമാണം - അപാകതകൾ | 1-16 |
| 17 | ലൈഫ് പദ്ധതി-ഒരു ഗുണഭോക്താവിന്റെ ഭവന നിർമ്മാണം അനിശ്ചിതത്തിൽ | 1-17 |
| 18 | ലൈഫ് ഭവനപദ്ധതി-അവലോകനം | 1-18 |
| 19 | ഫയലുകൾ ഹാജരാക്കുന്നതിൽ ഗുരുതര വീഴ്ച | 1-19 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-20 |
| 21 | തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-21 |
| 22 | ശബരിമല തീർത്ഥാടനം-വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | 1-22 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹1,46,000/- ചെലവ് തടസ്സം | 1-23 |
| 24 | തെരുവ് വിളക്ക് വാങ്ങൽ അപാകതകൾ- ₹450434/- ചെലവ് തടസ്സം | 1-24 |
| 25 | കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ച് ജൈവവളം വാങ്ങി -₹265420/- തടസ്സം | 1-25 |
| II | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| III | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | കുട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ നിർമാണ- ബില്ലിൽ നിന്നും ഓവർഹെഡ് കുറവു ചെയ്തില്ല.₹15000/-അധികം നൽകി. | 3-1 |
| IV | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| V | അനുബന്ധം | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 34 | ഓഡിറ്റഡ് അബ്സ്ട്രാക്ട് | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹211324460/-യും ചെലവ് ₹215884349/-യും ആണ്.

21.01 2019 ലെ 13/1-നമ്പർ തീരുമാനം പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 11.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹11475032 |
| വരവ് | ₹140619879 |
| ആകെ | ₹152094911 |
| | |
| | ₹ |

| | |
|---|---|
| ചെലവ് | ₹119167968 |
| നീക്കിയിരിപ്പ് | ₹32926943 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്( ജനറൽ) | 0 | 21885665 | 21885665 | 21833973 | 51692 |
| വികസന ഫണ്ട്(എസ് സി പി) | 0 | 4471000 | 4471000 | 3791211 | 679789 |
| വികസന ഫണ്ട്(ടി എസ് പി) | 0 | 158000 | 158000 | 158000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ് ) | 0 | 25681000 | 25681000 | 20323180 | 5357820 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 0 | 4740000 | 4740000 | 3036445 | 1703555 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12361593 | 12361593 | 5884957 | 6476636 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 10302000 | 10302000 | 10302000 | 0 |
| റവന്യൂ കളക്ഷൻ ഇൻസെന്റീവ് | 0 | 259310 | 259310 | 259310 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | | | | | |
| എം ജി എൻ ആർ ഇ ജിഎസ് | | | | | |
| തൊഴിൽ കൂലി | 0 | 71056490 | 71056490 | 71056490 | 0 |
| ഭരണച്ചെലവ് | 136931 | 1026911 | 1163842 | 1153490 | 10352 |
| എസ് ജി ആർ വൈ | 13120 | 525 | 13645 | 0 | 13645 |
| പശ്ചിമ ഘട്ട വികസനം | 17841 | 714 | 18555 | 0 | 18555 |
| ഐ സി ഡി എസ് | 1426590 | 879375 | 2305965 | 1823628 | 482337 |
| എസ് എസ് എ | 29383 | 1175 | 30558 | 0 | 30558 |
| ജവഹർ | 500 | 0 | 500 | 0 | 500 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | 0 | 50000 | 50000 | 50000 | 0 |
| സാക്ഷരത | 30391 | 1216 | 31607 | 0 | 31607 |
| ദുരിതാശ്വാസനിധി | 10477 | 419 | 10896 | 0 | 10896 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | | | | | |
| ബി ഫണ്ട് | 0 | 222600 | 222600 | 222600 | 0 |
| ശുചിത്വ മിഷൻ | 25000 | 2366240 | 2391240 | 195000 | 2196240 |
| വിമുക്തി | 12500 | 0 | 12500 | 12500 | 0 |
| ഗുണഭോക്തൃവിഹിതം | 714113 | 1402954 | 2117067 | 1924840 | 192227 |
| പ്രളയ സംഭാവന | 0 | 16501 | 16501 | 16501 | 0 |
| ജലനിധി | 2031272 | 73503 | 2104775 | 0 | 2104775 |
| ശബരിമല | 0 | 500000 | 500000 | 286253 | 213747 |
| സൗഹൃദ ടോയിലെറ്റ് ഐസിഡിഎസ് | | 12000 | 12000 | 0 | 12000 |
| കുടുംബശ്രീ ബഡ്സ്കൂൾ | 0 | 1275000 | 1275000 | 25000 | 1250000 |
| സ്കൂൾ പാചകപ്പുര | 0 | 496486 | 496486 | 496486 | 0 |
| സംയുക്ത പദ്ധതികൾ | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 100 | 1703778 | 1703878 | 1597444 | 106434 |
| ജില്ലാപഞ്ചായത്ത് | 0 | 3654924 | 3654924 | 3620462 | 34462 |
| തനത് ഫണ്ട് | | | | | |
| ബാങ്ക് | 8042482 | 33274002 | 41316484 | 20667837 | 20648647 |
| ട്രഷറി | -1015668 | 28072480 | 27056812 | 21636268 | 5420544 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 218814446 | 136 | 100210566 | - | 63 | 68.34 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4 | 4183000 | 3984762 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 5423599 | 3536979 |
| 3 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 6 | 6 | 2667780 | 2632928 |
| 4 | വി ഇ ഒ | 6 | 3 | 118551858 | 40573806 |
| 5 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5 | 8099292 | 7291380 |
| 6 | സെക്രട്ടറി | 29 | 19 | 17205170 | 9279147 |
| 7 | അസിസ്റ്റന്റ് എൻജിനീയർ | 133 | 86 | 55258747 | 27871564 |
| 8 | ഡി എഫ് ഐ | 1 | 1 | 2200000 | 1000000 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 5225000 | 4040000 |
| | ആകെ | 199 | 136 | 218814446 | 100210566 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 136931 | 1026911 | 1163842 | 1153490 | 10352 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 71056490 | 71056490 | 71056490 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72600 | 72 |
| വാർദ്ധക്യകാല പെൻഷൻ | 22759100 | 5151 |
| കർഷകതൊഴിലാളി പെൻഷൻ | 2375500 | 591 |
| വിധവാപെൻഷൻ | 14793200 | 3451 |

| | | |
|---|---|---|
| 50വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 179900 | 43 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3733500 | 857 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹2350/ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2018-19 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുവാൻ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാമാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വസൂലാക്കുന്ന വിവിധ പോളിസികളുടെ ഒടുക്ക് വിവരം സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ബിൽ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. ആസ്തികളുടെയും സ്റ്റോക്കുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തിയിട്ടില്ല. പൊതുടാപ്പുകളുടെ വിവരം സൂക്ഷിക്കുന്ന രജിസ്റ്റർ, തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2020 | 31.01.2020 വരെ | 18.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08.2017 | 2016-17 വരെ | 18.09.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വസ്തുനികുതി വാർഷിക കണക്ക് സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

3) വസ്തുനികുതി കിട്ടാക്കടത്തിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

4) Capital Work in Progress എന്ന ശീർഷകത്തിൽ പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ ചെലവ് ആസ്തി ബാധ്യത പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ വിശദാംശം ലഭ്യമല്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 വാടക-ലേലം - തുകകൾ പൂർണമായും ഈടാക്കിയിട്ടില്ല

താഴെ പരാമർശിക്കുന്ന വാടക-ലേലക്കാരിൽ നിന്നും തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| മുറി നം | വാടകക്കാരൻ | മാസ വാടക ₹ | വാടക ഒടുക്കാത്ത മാസം | ഒടുക്ക് വരുത്താത്തത് ₹ | ഡെപ്പോസിറ്റിൽ ക്രമീകരിച്ചത് ₹ | ബാക്കി തുക ₹ |
|---|---|---|---|---|---|---|
| ഉളുക്കപാലം മാർക്കറ്റ് V/5 | മുഹമ്മദ് കുഞ്ഞ് ബ്ലോക്ക് നം 1197 പ്രകാശ് ഗ്രാം | 1000 | 04/2018 മുതൽ 12/2018 വരെ | 9000 | 6081 | 2919 |

| | | | | | | |
|---|---|---|---|---|---|---|
| | (കരാർ തീ:22.04.2018) | | | | | |
| ളുക്കപാലം മാർക്കറ്റ് X/9 | ഹാരിസ് പെരുന്നയിൽ കൂട്ടാർ (കരാർ ഫയലിൽ ലഭ്യമല്ല) | 1000 | 04/2018 മുതൽ 12/2018 വരെ | 9000 | 0 | 9000 |
| ചേറ്റുകുഴി മാംസ സ്റ്റാൾ ലേലം | ശ്രീ. രാജേഷ് ജഗൻ ഇല്ലം | (ലേലം കൊണ്ട തുക ₹) 11500 | (ലേലം ഒടുക്കിയ തുക ₹) 10400 | 1100 | 1000 | 100 |
| ആകെ | | | | | | 12019 |

വാടക -ലേലം എന്നീ ഇനങ്ങളിൽ ഈടാക്കുവാനവശേഷിക്കുന്ന തുക ₹12019/- ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (Dangerous And Offensive Trade License) ചട്ടങ്ങൾ എസ്. ആർ.ഒ. നം. 674/2017/എൽ.എസ്.ജി.ഡി. തീയതി.31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിലൂടെ ചട്ടങ്ങളുടെ പേര്, കേരള പഞ്ചായത്ത് രാജ് (Issue of License to Factories, Trades, Entrepreneurship activities and other services) ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.

ഈ ഭേദഗതിയിൽ ഷെഡ്യൂൾ II പ്രകാരം സ്ഥാപനങ്ങളെ 5 ഗണങ്ങളായി തരം തിരിക്കുകയും ലൈസൻസ് അനുവദിക്കുന്നതിന് ഈടാക്കേണ്ട ഫീസ് ₹500/- മുതൽ ₹15,000/-വരെയായും നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിനുള്ള കുറഞ്ഞ നിരക്ക് ബൈലോ തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ലാത്തതിനാൽ, കുറഞ്ഞ നിരക്ക് ചട്ടങ്ങളിൽ പരാമർശിക്കുന്ന ആദ്യ സ്ലാബിൽ ഉൾപ്പെട്ട ₹500/- ൽ നിജപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4) മറുപടി നൽകിയില്ല. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊശമറ്റം ഫിനാൻസ്, കരുണാപുരം | 2 |
| 2 | നെടുങ്കണ്ടം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൂട്ടാർ ബ്രാഞ്ച് | 2 |
| 3 | എൽ എസ് ജി ഡി സെക്ഷൻ കരുണാപുരം | 2 |
| 4 | റ്റോഡി ഷോപ്പ്, കരുണാപുരം | 2 |
| 5 | പുനർജനി റിസോർട്ട്, രാമക്കൽമേട് | 2 |
| 6 | അർബൻ ബാങ്ക്, കമ്പംമെട്ട് | 1, 2 |
| 7 | സപ്ലൈകോ, കൂട്ടാർ | 1, 2 |
| 8 | കുടുംബശ്രീ, കരുണാപുരം | 1,2 |
| 9 | കരുണാപുരം ഗ്രാമപഞ്ചായത്ത് (ടെക്നിക്കൽ അസിസ്റ്റന്റ്) | 1, 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 എയ്ഡഡ് സ്കൂളുകളിൽ അനുവദനീയമല്ലാത്ത പദ്ധതികൾ നടപ്പാക്കി

29.01.2018 തീയതിയിലെ സ.ഉ(കൈ)നം.11/2018/തസ്വഭവ പദ്ധതി മാർഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ് ലെറ്റും വാഷ്ബെയിസിനും അവയിൽ ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. സർക്കാർ ഹൈസ്കൂളിനോട് /ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ പി,യു പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇത്തരം മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ സ്വകാര്യ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>മഡോണ എൽ പി എസ് - ഓപ്പൺ സ്റ്റേജ്</u>

പ്രോജക്ട് നമ്പർ 100/19

അടങ്കൽ - ₹500000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

അളവ് ബുക്ക് നമ്പർ 365/19

ബിൽ നമ്പർ - 88/22.11.2018 ₹467435/-

മഡോണ എൽ പി സ്കൂൾ എന്ന സ്വകാര്യ മാനേജ്മെന്റ് സ്കൂളിന് സ്റ്റേജ് നിർമിച്ചു നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ്. മുകളിൽ പരാമർശിച്ചിരിക്കുന്ന പദ്ധതി മാർഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ് ലെറ്റും വാഷ്ബെയിസിനും അവയിൽ ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. എയ്ഡഡ് സ്കൂളുകളിൽ സ്റ്റേജ് നിർമിച്ചു നൽകുന്നതിന് ഈ ഉത്തരവു പ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല. ₹467435/- സ്റ്റേജ് നിർമിച്ചു നൽകുന്നതിന് ചെലവഴിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനവും പൊതു പണത്തിന്റെ ദുർവിനിയോഗവും സ്വജന പക്ഷപാതവുമാണ്. നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ 22.11.2018 ന് കരാറുകാരനായ അനീഷ് കെ എസുമായി 36/18-19 നമ്പർ എഗ്രിമെന്റ് പ്രകാരം കരാറിൽ ഏർപ്പെട്ട് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി തയ്യാറാക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ അസിസ്റ്റന്റ് എൻജിനീയറും പദ്ധതി ആസൂത്രണ മാർഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും പാലിച്ചുകൊണ്ടാണ് പ്രോജക്ട്

തയ്യാറാക്കിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്താതെ 10/8/2018 ലെ 100/19 നമ്പർ തീരുമാനത്തിലൂടെ പദ്ധതിക്ക് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും 13/3/2018 ലെ തീരുമാനം 1 പ്രകാരം പദ്ധതി ശുപാർശ ചെയ്ത വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും 14.03.2018 ലെ തീരുമാനം 1 പ്രകാരം പദ്ധതി അംഗീകരിച്ച് ഭരണാനുമതി നൽകിയ ജനറൽകമ്മറ്റിയും ഇത്തരത്തിൽ പൊതുപണം ദുരുപയോഗംചെയ്തതിന് ഉത്തരവാദികളാണ്.

ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/13.10.2010 ) ലഭിച്ച മറുപടി സ്വീകാര്യമല്ല. സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/13.10.2010 ) മറുപടി ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ₹467435/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കമ്മറ്റി അംഗങ്ങളിൽ നിന്നും നഷ്ടം ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 2) <u>കുഴിത്തൊളു ദീപ ഹൈസ്കൂളിന് ടോയ് ലെറ്റ്</u>

പ്രോജക്ട് നമ്പർ 127/19

അടങ്കൽ – ₹200000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

₹300000/- സ്വച്ഛ് ഭാരത് മിഷൻ

ആകെ - ₹500000/-

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

അളവ് ബുക്ക് നമ്പർ 365/19

ബിൽ നമ്പർ - 95/23.03.2019 ₹227724/-

39/30.09.2019 <u>₹ 271747/-</u>

ആകെ - ₹ 499471/-

കഴിത്തൊള ദീപ ഹൈസ്കൂളിന് ടോയ് ലെറ്റ് നിർമിച്ചു നൽകുന്നതിന് മുമ്പായി എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ് ലെറ്റും വാഷ്ബെയിസിനും അവയിൽ ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉണ്ടോ എന്ന് ഉറപ്പാക്കാതെ എയ്ഡഡ് സ്കൂളിൽ പദ്ധതി നടപ്പാക്കിയത് പദ്ധതി മാർഗരേഖയുടെ ലംഘനമാണ്. നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ 22.11.2018 ന് കരാറുകാരനായ ഷൈൻ ടി ആർ- മായി 51/18-19 നമ്പർ എഗ്രിമെന്റ് പ്രകാരം കരാറിൽ ഏർപ്പെട്ട് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി തയ്യാറാക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ അസിസ്റ്റന്റ് എൻജിനീയറും പദ്ധതി ആസൂത്രണ മാർഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും പാലിച്ചുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്താതെ 20/06/2018 ലെ 1127/19 നമ്പർ തീരുമാനത്തിലൂടെ പദ്ധതിക്ക് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും 13.03.2018 ലെ തീരുമാനം 1 പ്രകാരം പദ്ധതി ശുപാർശ ചെയ്ത വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും 14.03.2018 ലെ തീരുമാനം 1 പ്രകാരം പദ്ധതി അംഗീകരിച്ച് ഭരണാനുമതി നൽകിയ ജനറൽകമ്മറ്റിയും ഇത്തരത്തിൽ പൊതുപണം ദുരുപയോഗംചെയ്തതിന് ഉത്തരവാദികളാണ്.

ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/13.10.2010 ) ലഭിച്ച മറുപടി സ്വീകാര്യമല്ല. സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/13.10.2010 ) മറുപടി ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ₹499471/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കമ്മറ്റി അംഗങ്ങളിൽ നിന്നും നഷ്ടം ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ നിർമാണം - അപാകതകൾ

കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ നിർമിച്ചുനൽകിയത് ഗുണഭോക്തൃ സമിതി മുഖേനയാണ്. ഈ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1) <u>ബില്ലിൽ നിന്നും ഓവർഹെഡ് കുറവു ചെയ്തില്ല.₹15000/-അധികം നൽകി</u>

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.50% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ് എന്ന് 16-03-2018-ലെ DB3-9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ എന്ന പദ്ധതിയിൽ PRICE സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 7.50% വും ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് നൽകിയ തുകയിൽ നിന്നും ഓവർഹെഡ് കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് പ്രോജക്ട് നമ്പർ അടങ്കൽ | എം. ബുക്ക് നം. | കൺവീനർ | ചെക്ക് നമ്പർ | ആകെ പ്രവൃത്തി മൂല്യം(₹) | കുറക്കേണ്ട തുക@5% |
|---|---|---|---|---|---|
| കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ 235/19<br>₹300000/- (തനതുഫണ്ട്) | നമ്പർ നൽകിയിട്ടില്ല | അനില എസ് മോഹൻ | 7652822/ 23.01.2019 | 300000 | 15000 |

നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) എയ്ഡഡ് സ്കൂളുകളിൽ അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി

29.01.2018 തീയതിയിലെ സ.ഉ(കൈ)നം.11/2018/തസ്വഭവ പദ്ധതി മാർഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ് ലെറ്റും വാഷ്ബെയിസിനും അവയിൽ ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിനു ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. സർക്കാർ ഹൈസ്കൂളിനോട് /ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ പി,യു പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എയ്ഡഡ് സ്കൂളുകളിൽ അസംബ്ലി ഹാൾ നിർമിച്ചു നൽകുന്നതിന് ഈ ഉത്തരവു പ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല. അസംബ്ലി ഹാൾ നിർമിച്ചു നൽകുന്നതിന് ₹300000/- ചെലവഴിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനവും പൊതു പണത്തിന്റെ ദുർവിനിയോഗവും സ്വജന പക്ഷപാതവുമാണ്. നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ 03.01.2019 ന് കരാറുകാരനായ ഷൈൻ ടി ആർ - മായി 59/18-19 നമ്പർ എഗ്രിമെന്റ് പ്രകാരം കരാറിൽ ഏർപ്പെട്ട് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 15.10.2020 - ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11- ന് ലഭിച്ച മറുപടി സ്വീകാര്യമല്ല. മേൽ സാഹചര്യത്തിൽ ആകെ ചെലവഴിച്ച് ₹300000/-യിൽ ഓവർ ഹെഡ് ചാർജ് കുറക്കാതിരുന്നതുമൂലം നഷ്ടം സംഭവിച്ച ₹15000/- കിഴിച്ച് ₹285000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കമ്മറ്റി അംഗങ്ങളിൽ നിന്നും നഷ്ടം തുല്യമായി ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ലൈഫ് പദ്ധതി-ഒരു ഗുണഭോക്താവിന്റെ ഭവന നിർമ്മാണം അനിശ്ചിതത്തിൽ

| | | |
|---|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| പദ്ധതി നം | 25/2019 | |
| പദ്ധതി | ലൈഫ് ഭവന പദ്ധതി | |
| ബിൽ നം | 4/2018-19 | തീയതി:06.09.2018 |
| തുക | ₹400000/- | |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.12.2019 ലെ എ3-8098/19 നമ്പർ ഉത്തരവ് പ്രകാരം ലൈഫ് പദ്ധതിയിൽ ഭവനനിർമ്മാണത്തിന് ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. സന്ധ്യ സുകമാരൻ, കൊല്ലയിൽ, കുട്ടാറിന് ₹40,000/- നൽകിയിട്ടുണ്ട്. ബേസ്മെന്റ് നിർമ്മാണം തുടങ്ങിയപ്പോൾ ശ്രീമതി. ബീന രജനീഷ് കൊപ്പത്തിൽ പുത്തൻവീട്ടിൽ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി, റോഡിൽ നിന്നും നിശ്ചിത ദൂരം പാലിക്കുന്നില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2020 ലെ എ3-2603/20 നമ്പർ ഉത്തരവ് പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകി പണി നിർത്തി വെച്ചിരിക്കുന്ന അവസ്ഥയിലാണ്. ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണവകുപ്പിന്റെ 19.04.2011 ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവനപദ്ധതി-അവലോകനം

### എ) ഫണ്ട് വിശകലനം

നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| പ്ലാൻ ഫണ്ട് | പൊതു വിഭാഗം | 8400000 | 8400000 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 3719502 | 3715076 |
| | എസ്.സി.പി | 150000 | 150000 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 2654924 | 2654924 |
| ഹഡ്കോ വായ്പ | | 42071194 | 42051194 |

### ബി) ഗുണഭോക്തൃ വിശകലനം

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി.പി | ആകെ |
|---|---|---|---|
| കരാർ വച്ചത് | 269 | 7 | 276 |
| പണി തുടങ്ങാത്തത് | 2 | 0 | 2 |
| തറ തീർന്നത് | 02 | | 02 |
| ലിന്റൽ തീർന്നത് | 03 | | 03 |
| മേൽക്കൂര തീർന്നത് | 03 | | 03 |
| പണി തീർന്നത് | 259 | 07 | 266 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ഫയലുകൾ ഹാജരാക്കുന്നതിൽ ഗുരുതര വീഴ്ച

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നിരുത്തരവാദപരമായ നിലപാടാണ് തൻവർഷവും ഗ്രാമസേവകന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത് ലൈഫ്, വീട് നവീകരണം (പൊതു വിഭാഗം), (വൃദ്ധർ) എന്നീ പദ്ധതികൾ ആണ് നടപ്പാക്കിയത്. ഇതിൽ ലൈഫ്

പദ്ധതി ഫയലുകൾ മാത്രമാണ് ഹാജരാക്കിയത്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | | | ചെലവ് വിവരങ്ങൾ₹ | |
|---|---|---|---|---|
| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നം/തിയതി | തുക |
| 1 | വീട് നവീകരണം (വൃദ്ധർ)-09/2019 | 350000 (പൊതു വിഭാഗം) | 3/2018-19/25.09.2018 | 250000 |
| | | | 4/2018-19/25.09.2018 | 100000 |
| | | 500000 (തനത് ഫണ്ട്) | സഞ്ചയ പത്രിക പ്രകാരം | 500000 |
| 2 | വീട് നവീകരണം (ജനറൽ)-238/2019 | 75000 (തനത് ഫണ്ട്) | സഞ്ചയ പത്രിക പ്രകാരം | 75000 |
| | ആകെ | | | 925000 |

ഫയലുകൾ ഹാജരാക്കുന്നതിന് നിരന്തരം ആവശ്യപ്പെട്ടിട്ടും നിരുത്തരവാദപരമായ പെരുമാറ്റമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടായത്. നിർവ്വഹണ ഉദ്യോഗസ്ഥന് 12.10.2020 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടുള്ളതാണ്. രണ്ടാഴ്ചക്കകം ഫയലുകൾ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഫയലുകൾ ഹാജരാക്കാത്തതിനാൽ ₹925000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിശ്ചിത സമയത്തിനുള്ളിൽ ഫയലുകൾ ഹാജരാക്കുന്നില്ലായെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി ₹47244/- കേരള വാട്ടർ അതോറിറ്റിയിൽ 2018-19ൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ₹3937/- വീതമാണ് വെള്ളക്കരമായി ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 9 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. എന്നാൽ, പ്രവർത്തിക്കുന്ന ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല. 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് അവസാനമായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളത് 2010ലാണ്. കൂടാതെ, സ.ഉ.(സാധാ) നം. 6105/2019/ധന തി. 01 ആഗസ്റ്റ് 2019, സ.ഉ.(സാധാ) നം. 10050/2019/ ധന.തി.21 ഡിസംബർ 2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി, 2017-18 ലെ കുടിശ്ശിക ₹ 27258 ഉൾപ്പടെ, 2018-19 സാമ്പത്തിക വർഷം ₹164840/- കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹11465/- യാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ ഒഴികെ മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. കൂടാതെ, മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടില്ല. രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും കെ.എസ്.ഇ.ബി ലിമിറ്റഡുമായി ചേർന്ന് സർക്കാർ നിർദേശങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011 ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടാതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ശബരിമല തീർത്ഥാടനം-വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച്

ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തൻവർഷം പ്രത്യേക ഇനമായി സർക്കാരിൽ നിന്നും ലഭിച്ച ₹5,00,000/- താഴെ സൂചിപ്പിക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് ₹ |
|---|---|
| മസ്റ്റർ റോൾ ജോലി 12/2018 | 33600 |
| മസ്റ്റർ റോൾ ജോലി 1/2019 | 48000 |
| വൈദ്യുതീകരണ പരിപാടികൾ | 192343 |
| കെ.എസ്.ഇ.ബിയിൽ അടവാക്കിയത് | 14234 |
| **ആകെ** | **288177** |

എന്നാൽ വൈദ്യുതീകരണ പരിപാടികളുടെ ബില്ലിൽ നിന്നും കുറവ് വരുത്തിയ KCWWF ഇനത്തിലുള്ള ₹1,924/- ഉൾപ്പെടുത്താതെയാണ് സർക്കാരിന് ₹2,86,253/- യുടെ വിനിയോഗ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. പുതുക്കിയ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.11.2018 ലെ സ.ഉ (സാധാ) 2929/18 പ്രകാരം താമസം വിനാ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹1,46,000/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 7/2019 |
| പദ്ധതി | പി.എം.എ.വൈ വിഹിതം അടയ്ക്കൽ |
| ബിൽനം തീയതി | 13/2018-19 തീയതി 20.07.2018 |
| തുക | ₹1,46,000/- |

പി.എം.എ.വൈ പൊതുവിഭാഗം ഇനത്തിൽ പഞ്ചായത്ത് വിഹിതമായി ₹1,46,000/- നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹1,46,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് വാങ്ങൽ അപാകതകൾ- ₹450434/- യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 152/2019 |
| പദ്ധതി | തെരുവ് വിളക്ക് വാങ്ങൽ-എൽ.ഇ.ഡി ലൈറ്റുകൾ |
| അടങ്കൽ | ₹550000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം, തീയതി & തുക | 14/2018-18 തീ: 30.08.2018 ₹450434/- |

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ്. പദ്ധതി പ്രകാരം 16.11.2017 ൽ ക്ഷണിച്ച ടെണ്ടറിൽ LED ലൈറ്റുകൾ വാങ്ങുന്നതിനുള്ള കുറഞ്ഞ ടെണ്ടർ ₹373434/- ക്വോട്ട് ചെയ്തത് കല്ലൂർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനമാണ്. 09-03-2018 ലെ 586നമ്പർ ബിൽ പ്രകാരം (₹371800), 587 നമ്പർ ബിൽ പ്രകാരം (₹22000) എന്നിങ്ങനെ ആകെ ₹393800/-യുടെ ടെണ്ടറിൽ പരാമർശിച്ച സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ടെണ്ടറിൽ ഉൾപ്പെടാത്ത LDR എന്ന ഉപകരണത്തിന്റെ വില ₹77000/- ഉൾപ്പെടെ ₹450434/- ആണ് സ്ഥാപനത്തിന് നൽകിയത്. ടെണ്ടർ നടപടികൾ കൂടാതെയാണ് LDR എന്ന ഉപകരണം വാങ്ങിയിട്ടുള്ളത്. വാങ്ങിയ സാമഗ്രികൾ സ്റ്റോക്കിൽ എടുത്തതിന്റെയോ സ്ഥാപിച്ചതിന്റെയോ സാക്ഷ്യപ്പെടുത്തിയ വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ ₹450434/- യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-25 കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ച് ജൈവവളം വാങ്ങി -₹265420/- യുടെ തടസ്സം.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം & | 10/2019 |
| പദ്ധതി | ജൈവവള വിതരണം |
| അടങ്കൽ | ₹2286000/- (തനത് ഫണ്ട്) ₹762000/-(ഗുണഭോക്തൃ വിഹിതം) |
| ഫണ്ട് ട്രാൻസ്ഫർ | 505870020118002 തീയതി:31.01.2019 തുക ₹1485000 |
| | 505870020118004തീയതി:31.01.2019 തുക ₹667260 |
| | 505870020118009 തീയതി:29.03.2019 തുക ₹132660 |

ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് ജൈവവളം വാങ്ങി വിതരണം നടത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം വളം വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ താഴെ പരാമർശിക്കുന്നു.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക ₹ |
|---|---|
| റെയ്ഡ്കോ, കട്ടപ്പന | 26.70 |
| ശ്രീ പളനി ആണ്ടവർ മിൽസ്, കോയമ്പത്തൂർ | 25.41 |
| കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കൊച്ചി | 24.10 |
| സതേൺ ഫെർട്ടിലൈസർ & | 24.43 |

| | |
|---|---|
| കെമിക്കൽസ് ചങ്ങനാശ്ശേരി | |
| അഗ്രികെയർ അസ്സോസ്സിയേറ്റ്സ് പുളിയന്മല | 27.40 |

അഗ്രികെയർ അസ്സോസ്സിയേറ്റ്സ് പുളിയന്മല എന്ന സ്ഥാപനത്തിനൊഴികെ മറ്റുള്ളവയ്ക്ക് ഇടുക്കി ജില്ലയിൽ വളം നിർമ്മിക്കുന്നതിനോ മൊത്ത വ്യാപാരത്തിനോ ലൈസൻസ് ഇല്ലാ എന്ന കാരണത്തിൽ നിരസിക്കുകയുണ്ടായി. പിന്നീട് നടന്ന അനുരഞ്ജന ചർച്ചയിൽ പുളിയന്മല അഗ്രികെയർ അസ്സോസ്സിയേറ്റ്സ് ₹26.40/- നിരക്കിൽ ജൈവവളം നൽകാം എന്ന് സമ്മതിക്കുകയും താഴെ പരാമർശിക്കും പ്രകാരം ജൈവവളം വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ബിൽ നം & തീയതി | വാങ്ങിയ വളത്തിന്റെ അളവ് (കി.ഗ്രാം) 26.40 നിരക്കിൽ | വില ₹ |
|---|---|---|
| 1203 തീ:28.01.2019 | 75000 | 1980000 |
| 1204 തീ:28.01.2019 | 33700 | 889680 |
| 1365 തീ:28.03.2019 | 6700 | 176880 |
| ആകെ | 115400 | 3046560 |

വളത്തിന്റെ 75% സബ്സിഡി തുക ₹22,84,920/- മേൽ പരാമർശിച്ച പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കൊച്ചിയുടെ ₹24.10 നിരക്കിലുള്ള വളത്തിന് ഒരു കിലോഗ്രാമിന് ₹2.30 (26.40-24.10) കുറവ് ലഭിക്കുമായിരുന്നു. ആയതിനാൽ 115400 കിലോഗ്രാമിന് ₹2.30 നിരക്കിൽ ₹265420/- യുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് നടത്തിയ ടെണ്ടർ പരസ്യത്തിൽ പതിനൊന്നാം ഇനമായി " വേപ്പിൻ പിണ്ണാക്ക് വിതരണത്തിന് ടെണ്ടർ/ക്വട്ടേഷൻ നൽകുന്നവർ കേരള സർക്കാർ അംഗീകൃത ഇടുക്കി ജില്ലയിലെ ഉല്പാദന മൊത്ത വിതരണ ലൈസൻസ് ഉള്ള വിതരണക്കാർ ആയിരിക്കേണ്ടതാണെന്നും ക്വട്ടേഷനോടൊപ്പം സാമ്പിൾ ഹാജരാക്കേണ്ടതുമാണ്" ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് തെറ്റായ നടപടിയാണ്. കാർഷിക കർമ്മ സേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ തുടങ്ങിയവും കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങൾക്കും മുൻഗണന നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ലെ ഖ 6.1 ക്രമ നം 1 ൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ പുളിയന്മല അഗ്രികെയർ അസ്സോസ്സിയേറ്റ്സ് എന്നത് ഇത്തരം ഒരു സ്ഥാപനം അല്ല. ആയതിനാൽ ടെണ്ടർ നിബന്ധന തെറ്റാണെന്നും ഗ്രാമ പഞ്ചായത്തിന് ₹2,65,420/- യുടെ അധിക ചെലവ് വന്നിട്ടുണ്ട് എന്നും കാണുന്നു. അധിക തുക ₹2,65,420/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- -

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ നിർമാണ- ബില്ലിൽ നിന്നും ഓവർഹെഡ് കുറവു ചെയ്തില്ല.₹15000/-അധികം നൽകി

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.50% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ് എന്ന് 16.03.2018-ലെ DB3-9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ എന്ന പദ്ധതിയിൽ PRICE സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 7.50% വും ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് നൽകിയ തുകയിൽ നിന്നും ഓവർഹെഡ് കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് പ്രോജക്ട് നമ്പർ അടങ്കൽ | എം. ബുക്ക് നം. | കൺവീനർ | ചെക്ക് നമ്പർ | ആകെ പ്രവൃത്തി മൂല്യം(₹) | കുറക്കേണ്ട തുക@5% |
|---|---|---|---|---|---|
| കൂട്ടാർ എസ് എൻ എൽ പി സ്കൂളിന് അസംബ്ലി ഹാൾ 235/19 ₹300000/- (തനതുഫണ്ട്) | നമ്പർ നൽകിയിട്ടില്ല | അനില എസ് മോഹൻ | 7652822/ 23.01.2019 | 300000 | 15000 |

ഇത് സംബന്ധിച്ച് 15.10.2020 - ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ

11- ന് ലഭിച്ച മറുപടി സ്വീകാര്യമല്ല.മേൽ സാഹചര്യത്തിൽ കരാറുകാരന് അധികം നൽകിയതു മൂലം നഷ്ടം സംഭവിച്ച ₹15000/- തുകയിൽ കുറവു വരുത്താതെ മരാമത്ത് ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ബിൽ അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 12.06.2019 | കെ എസ് എ ഐ ഡി കെ.3/520(19)/2019/ 13.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 1425972 | ലൈഫ് മിഷൻ | 1419538 | 6434 |
| | | 100000 | വികലാംഗ പെൻഷൻ | 0 | 100000 |
| | | 177806 | ജവഹർ ഭവനപദ്ധതി | 177806 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2018-2019 | 2654924 | ലൈഫ് മിഷൻ | 2620462 | 34462 |
| | | 1000000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1000000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹40360000/- വരവുണ്ട്. മുൻബാക്കി ₹15000000/-യിൽ ₹3000000/- തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ ₹ | |
| ഇ. എം. എസ്. ഭവനപദ്ധതി | സ.ഉ (സാധാ) 322/ 2010/ ത.സ്വ.ഭ.വ തി. 29.01.2010 | 15000000 | 3000000 | 1500000 | | 1500000 |
| ജവഹർ ഭവനപദ്ധതി | നം.11.ബിഡി1/2016 തസ്വഭവ തീയതി. 20.01.2016 | 15000000 | 12000000 | 1500000 | | 10500000 |
| ലൈഫ് മിഷൻ | ലഭ്യമല്ല | 40360000 | 40360000 | | | 40360000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് ₹8570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിടെ ആസ്തികൾ വാടകയ്ക്ക് | തൽസ്ഥിതി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് ളുക്കപാലം മാർക്കറ്റ്-നഷ്ടം 7527/- | |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ സുരക്ഷ മിഷൻ -608047/- | തൽസ്ഥിതി തുടരുന്നു |
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി-₹2000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ-അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

**<u>ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക</u>**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/Spl. Cell./SC2002/8/10/02 | 4548 | | | | | | 4548 | |
| | | 30 | “ | LF9391/Spl. Cell./SC2002/8/10/02 | 517 | | | | | | 517 | |
| | | 31 | “ | LF9391/Spl. Cell./SC2002/8/10/02 | 2250 | | | | | | 2250 | |
| | | 32 | “ | LF9391/Spl. Cell./SC2002/8/10/02 | 539 | | | | | | 539 | |
| | | 33 | “ | LF9391/Spl. Cell./SC2002/8/10/02 | 7425 | | | | | | 7425 | |
| | | 34 | “ | LF9391/Spl. Cell./SC2002/8/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി ഡി രവീന്ദ്രൻ | LF 11295/Spl. Cell.SC2/05/20.06.06 | 2820 | | | WP(C)/1870/20/09 | | | 2820 | |
| | 2000-01 | 25 | “ | LF 11295/Spl. Cell.SC2/05/20.06.06 | 8050 | | | WP(C)/1870/20/09 | | | 8050 | |
| | 2000-01 | 38 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870/20/09 | | | 48701 | |
| | 2000-01 | 39 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870/20/09 | | | 48701 | |
| | 2000-01 | 45 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 6394 | | | WP(C)/1870/20/09 | | | 6394 | |
| | 2000-01 | 48 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/06 DT 25/05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ.ജെ. | LF 1781/Spl. | 2158 | - | - | - | - | - | - | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ജോസഫ് | Cell./SC2/08/ 13.5.10 | | | | | | | | |
| | “ | “ | കെ.എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ 13.5.10 | 2159 | | | | | | 2159 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹140619879 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹119167968 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹15000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3038760 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ ₹ | | |
| 3-1 | | 15000 | 7500 | ശ്രീ സുരേഷ് കുമാർ പി.എസ്, അസി.എൻജിനീയർ |
| | | | 7500 | ശ്രീ കെ എം ഉഷാനന്ദൻ, അസി.എക്സി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(1) | 467435 | 1) ശ്രീ സുരേഷ് കുമാർ പി എസ്,അസി.എൻജിനീയർ<br>2) ശ്രീ ശിവകുമാർ ജി ,അസി.എക്സി.എൻജിനീയർ |
| 1-15(2) | 499471 | 1) ശ്രീ സുരേഷ് കുമാർ പി എസ്,അസി.എൻജിനീയർ<br>2) ശ്രീ ശിവകുമാർ ജി ,അസി.എക്സി.എൻജിനീയർ |
| 1-16(2) | 285000 | 1)ശ്രീ സുരേഷ് കുമാർ പി എസ്, അസി.എൻജിനീയർ<br>2)ശ്രീ. കെ എം ഉഷാനന്ദൻ, അസി.എക്സി.എൻജിനീയർ |
| 1-19 | 925000 | ശ്രീ. എ.സി മനോജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 146000 | ശ്രീ. വർക്കി ജോസഫ്, സെക്രട്ടറി |
| 1-24 | 450434 | ശ്രീ. വർക്കി ജോസഫ്, സെക്രട്ടറി |
| 1-25 | 265420 | ശ്രീമതി. അശ്വതി റ്റി. വാസു, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുരേഷ് കുമാർ പി എസ്,അസി.എൻജിനീയർ | അസി.എൻജിനീയർ<br>എൽ എസ് ജി ഡി സെക്ഷൻ<br>കടമാക്കുടി,കൊച്ചി 27 | പുത്തൻപുരക്കൽ,<br>ഹൗസ് നം.03/207-ബി<br>വെട്ടിക്കൽ പി ഒ മുളംതുരുത്തി ,<br>എറണാകുളം<br>mob.no.9605003370 |
| ശ്രീ. ശിവകുമാർ ജി<br>അസി.എക്സി.എൻജിനീയർ | വിരമിച്ചു | ആയില്യം<br>മുനിസിപ്പൽ ഓഫീസ് വാർഡ്<br>ആലപ്പുഴ പി ഒ<br>പിൻ- 688001 |
| ശ്രീ. കെ എം ഉഷാനന്ദൻ, അസി.എക്സി.എൻജിനീയർ | അസി.എക്സി.എൻജിനീയർ<br>എൽ എസ് ജി ഡി<br>സബ്ഡിവിഷൻ<br>കട്ടപ്പന, ഇടുക്കി ജില്ല | കിഴക്കൻ ഹൗസ്<br>കട്ടപ്പന പി ഒ ഇടുക്കി ജില്ല |

| | | |
|---|---|---|
| ശ്രീ. എ.സി മനോജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പീരുമേട് ഗ്രാമപഞ്ചായത്ത് | അശ്വതി വിലാസ് പീരുമേട് പീരുമേട് പോസ്റ്റ് ഇടുക്കി ജില്ല. |
| ശ്രീമതി. അശ്വതി റ്റി. വാസു, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉപ്പുതറ ഗ്രാമപഞ്ചായത്ത് | സി.എം.സി -15 ചേർത്തല പി.ഒ ആലപ്പുഴ |
| ശ്രീ. വർക്കി ജോസഫ്, സെക്രട്ടറി | വിരമിച്ചു | പുതുപ്പറമ്പിൽകുന്നേൽ, പെരുവന്താനം, മുണ്ടക്കയം ഈസ്റ്റ്-686513 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | Ksa-Idk 12/207/18 dt18/01/18 | 6 | 28,30,31,32,33,34 |
| 2000-01 | Ksa-Idk 12/207/18 dt18/01/18 | 5 | 21,25,38,39,45,48 |
| 01-02 | Ksa-Idk 12/207/18 dt18/01/18 | 2 | 2-2-11,2-14-2 |
| 05-06 | Ksa-Idk 12/207/18 dt18/01/18 | 1 | 3-4 |
| 06-07 | LFI.12/511/15 dt 01/07/2015 | 7 | 2-1,2-2,2-3,3-1,3-2,3-3,3-4 |
| 07-08 | LFI12/1029/2011dt 14/10/11 | 22 | 2-1മുതൽ2-14, 3-1 മുതൽ3-8 |
| 08-09 | LFI12/725/12 dt22/01/14 | 25 | 2-1 മുതൽ 2-12,3-1to3-4,3-6to3-15 |
| 09-10 | LFI 12/726/2/12DT21/03/13 | 13 | 2-1,2-3,2-4,2-5,2-6,2-7,3-1,<br>3-2,3-3,3-6,3-7,3-8,3-9 |
| 10-11 | LFA-12/23/14 dt10/9/14 | 16 | 2-1,2-2,2-4,3-1,3-2,3-3,<br>3-4,3-5,<br>3-6,3-7,3-8,3-9,3-10,<br>3-11,3-12,3-13 |
| 11-12 | LFI 12/1292/14 | 8 | 2-1,2-2,2-3,2-4,3-1,<br>3-2,3-3,3-4 |
| 12-13 | LFI 12/511/15 | 7 | 2-1,2-2,2-3,3-1,<br>3-2,3-3,3-4 |
| 13-14 | KSA IDK 12/91/2016 dt 31/05/16 | 7 | 2-1,2-2,2-3,3-1,<br>3-2,3-3,3-4 |
| 14-15 | KSA-IDK12/1144/16 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 15-16 | KSA IDK 12/450/17dt 11/4/2017 | 12 | 2-1,2-2,2-3,2-4,<br>2-5,3-1,3-2,<br>3-3,3-4,3-5,3-6,3-7 |
| 16-17 | KSA-IDK 12/1509/17 dt2/11/17 | 11 | 2-1,2-2,2-3,2-4,<br>2-5,3-1,3-2,<br>3-3,3-4,3-5,3-6 |
| 2017-2018 | കെ എസ് എ. ഐ ഡി കെ.12/1167/2018 തീയതി 30.10.2018 | 1 | 3-8 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.ഐ.ഡി.കെ. 12/860/2020 തീയതി: 16.11.20

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരുണാപുരം ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## <u>Annexure - 2</u> <u>AUDIT CERTIFICATE</u>

No. KSA-IDK 12/860/2020 Dated: 16.11.2020

Certified that I have audited the Annual Financial Statement of KARUNAPURAM Grama Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of KARUNAPURAM Grama Panchayat for the year 2018-19, except the observations in my Audit Report, properly presents the picture of Income and Expenditure of the institution.

DEPUTY DIRECTOR